# ഭൂമികേരളം പദ്ധതി
# കേരളാ ലാന്റ് ഇൻഫർമേഷൻ മിഷൻ

**നമ്പർ:** **ജില്ല:**

**<u>നോട്ടീസ്- ബി</u>**

(മോഡേൺ സർവ്വെ മാനുവൽ വാല്യം ഒന്ന് അദ്ധ്യായം 7.1.3.2
പ്രകാരം പ്രസിദ്ധീകരിയ്ക്കുന്നത്)

.................................................താലൂക്ക് .......................................വില്ലേജിന്റെ റീസർവ്വെ നടപടികളുടെ ഭാഗമായി വിതരണം ചെയ്തിരുന്ന നോട്ടീസ് എ, റീസർവ്വെ വിവരണ ശേഖരണ പത്രിക എന്നിവ താങ്കൾ കൈപ്പറ്റിയിട്ടുള്ളതും സർവ്വെ സമയത്ത് സ്ഥലത്ത് ഹാജരാകുന്ന സർവ്വെ ഉദ്യോഗസ്ഥൻ മുമ്പാകെ പത്രിക പൂരിപ്പിച്ച് അവകാശരേഖകളുടെയും, മുന്നാധാരം, കരം രസീത് എന്നിവയുടെ പകർപ്പുകൾ സഹിതം കൈമാറേണ്ടതാണെന്നും താങ്കളെ അറിയിച്ചിരുന്നതുമാണ്. എന്നാൽ പത്രിക ഹാജരാക്കുന്നതിൽ/പത്രികയിൽ കൃത്യമായ വിവരങ്ങൾ ചേർക്കുന്നതിൽ താങ്കൾ വീഴ്ച വരുത്തിയതായി കാണുന്നു. ഇത് റീസർവ്വെ നടപടികളുടെ സുഗമമായ നടത്തിപ്പിന് തടസ്സമാകുന്ന കാര്യമായതിനാൽ, അതൊഴിവാക്കുന്നതിലേക്ക് താങ്കൾക്ക് ഒരു അവസരം കൂടി ഇതിനാൽ അനുവദിയ്ക്കുകയാണ്.

- വിവരണശേഖരണ പത്രിക ഹാജരാക്കാൻ ഇതുവരെ താങ്കൾക്ക് കഴിഞ്ഞിട്ടില്ലെങ്കിൽ ഈ നോട്ടീസ് കൈപ്പറ്റി മൂന്നു ദിവസങ്ങൾക്കകം പത്രികയും അനുബന്ധ രേഖകളായ അവകാശരേഖയുടേയും മുന്നാധാരം, കരം രസീത് എന്നിവയുടെയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുസഹിതം താഴെ പറയുന്ന സ്ഥലത്ത് പ്രവർത്തിച്ചുവരുന്ന "റീസർവ്വെ റിക്കാർഡു സെന്ററിൽ" ഹാജരാക്കി കൈപ്പറ്റ് രസീത് വാങ്ങേണ്ടതാണ്.
- താങ്കൾ ഹാജരാക്കിയ വിവരശേഖരണ പത്രികയിൽ ചേർത്തിരിക്കുന്ന വിവരങ്ങൾ പൂർണ്ണമല്ലാത്തതിനാൽ പത്രികയും അനുബന്ധ രേഖകളും ഇതോടൊപ്പം തിരികെ നൽകുന്നു. ആയത് കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് മൂന്നു ദിവസങ്ങൾക്കകം താഴെ പറയുന്ന സ്ഥലത്ത് പ്രവർത്തിയ്ക്കുന്ന റീസർവ്വെ റിക്കാർഡു സെന്ററിൽ ഹാജരാക്കി കൈപ്പറ്റു രസീത് വാങ്ങേണ്ടതാണ്.
- താങ്കളുടെ കൈവശത്തിലുള്ള സ്ഥലം സർവേ ചെയ്ത് റിക്കാർഡുകൾ തയാറാക്കുന്നതിനായി....................................... ാം തീയതി സർവേ ഉദ്യോഗസ്ഥർ സ്ഥലത്ത് ഹാജരായ സമയത്ത് താങ്കളുടെ അയൽവസ്തു ഉടമസ്ഥനായ ..................................................വീട്ടിൽ ശ്രീ/ശ്രീമതി ............................................. എന്നയാൾ ടിയാളുടേയും താങ്കളുടേയും സ്ഥലത്തിന്റെ പൊതു അതിർത്തിയെ സംബന്ധിച്ച് തർക്കം ഉന്നയിച്ചിട്ടുള്ളതും ആ കാരണത്താൽ താങ്കളുടെ സ്ഥലത്തിന്റെ സർവേനടപടികൾ പൂർത്തീകരിയ്ക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമാകുന്നു. റീസർവേ നിയമനടപടികളനുസരിച്ച് തർക്കമുള്ള അതിർത്തികൾ സർവേ ചെയ്ത് റിക്കാർഡ് തയ്യാറാക്കാൻ നിർവ്വാഹമില്ലാത്തതിനാൽ താങ്കളുടെയും തർക്കം ഉന്നയിച്ച വ്യക്തിയുടെയും സ്ഥലം ഒന്നായി സർവ്വെ ചെയ്ത് കൂട്ടവകാശപ്രകാരം റിക്കാർഡ് തയാറാക്കേണ്ടതായി വരുന്നതാണെന്ന് അറിയിക്കുന്നു. ഇങ്ങനെ ചെയ്യുമ്പോൾ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി ഈ നോട്ടീസു കൈപറ്റി ഏഴു ദിവസങ്ങൾക്കുള്ളിൽ, അതിർത്തി തർക്കം പരിഹരിച്ച് അതിരുകൾ കൃത്യമായി ഡീമാർക്കേറ്റു ചെയ്ത് ആവശ്യമായ അതിരടയാളങ്ങൾ സ്ഥാപിച്ച് താഴെപ്പറഞ്ഞിരിയ്ക്കുന്ന സ്ഥലത്ത് വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്. സമയപരിധിയ്ക്കുള്ളിൽ ലഭിക്കുന്ന അപേക്ഷ പരിഗണിച്ച് ടി സ്ഥലം വീണ്ടും സർവേ ചെയ്ത് കൃത്യമായ റിക്കാർഡുകൾ തയ്യാറാക്കുന്നതാണെന്ന് അറിയിക്കുന്നു.

നോട്ടീസിൽ നൽകിയിരിക്കുന്ന സമയപരിധിക്കു ശേഷമാണ് അതിർത്തി തർക്കം പരിഹരിച്ച് സർവ്വേയ്ക്കായി അപേക്ഷ നൽകുന്നതെങ്കിൽ കേരള സർവ്വെ & ബൗണ്ടറീസ് ആക്ട് സെക്ഷൻ 6(5), 7 പ്രകാരം സർവ്വെ ചിലവ് മുൻകൂട്ടി നൽകിയാൽ മാത്രമേ ടി സ്ഥലം സർവ്വെ ചെയ്തു തരികയുള്ളൂ എന്നും അറിയിക്കുന്നു.

മേൽപ്പറഞ്ഞിരിക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തുകയാണെങ്കിൽ നിലവിൽ ലഭ്യമായ റവന്യൂ, സർവ്വെ രേഖകളുടെയും നിലവിലുള്ള അതിർത്തികളുടെയും അടിസ്ഥാനത്തിൽ താങ്കളുടെ സ്ഥലത്തിന്റെ റിക്കാർഡുകൾ തയ്യാറാക്കുന്നതും ആയതുമൂലം താങ്കൾക്കുണ്ടാവുന്ന അസൗകര്യങ്ങൾക്കും ക്ളേശങ്ങൾക്കും കേരളാലാന്റ് ഇൻഫർമേഷൻ മിഷനോ സർവ്വേയും ഭൂരേഖയും വകുപ്പോ, കേരളാ സർക്കാരോ ഉത്തരവാദിയായിരിയ്ക്കുന്നതല്ലെന്നും ഇതിനാൽ അറിയിക്കുകയാണ്.

<u>റീസർവ്വെ റെക്കാർഡ് സെന്ററിന്റെ മേൽവിലാസം:</u>. ......................................................
.......................................................................................................................................
....................................................................................................................................

സ്ഥലം :
തീയതി :

**സർവ്വെ ആഫീസർ**

പേര്:
മേൽവിലാസം:

(നോട്ടീസ് സ്വീകരിയ്ക്കേണ്ട വ്യക്തിയുടെ
പേരും മേൽവിലാസവും -)